## 183

*രീതി: ഇതുവരെ എന്നെ കരുതിയ*

സുതിക്കു നീ യോഗ്യൻ സ്തുതികളിന്മീതെ
വസിച്ചിടും പരനേ യേശു മഹേശാ

1 അവനിയിലമിതം മോദമായ് വസിപ്പാ-
നരുളണമേ നിൻകൃപകളപാരം
പരമസൗഭാഗ്യം പാപികൾക്കേകാൻ
പുതുവഴി തുറന്ന സ്നേഹസ്വരൂപ!-

2 നരകുലപാപച്ചുമടു നീ വഹിച്ചു
കുരിശിൽ കരേറി പ്രാണനെ വെടിഞ്ഞു
പരിശുദ്ധനേ തിരുപ്പാദാന്തികത്തിൽ
പരിചൊടു സ്തുതിപ്പാൻ കൃപയരുളേണം-

3 തവതിരുനാമം ജയിക്കട്ടെ മേന്മേൽ
സ്തോത്രയാഗങ്ങൾ സമർപ്പിക്കുന്നടിയൻ
തിരുക്കരം തന്നിൽ വഹിച്ചനുദിനവും
നടത്തുക ദാസനെ നിൻ ഹിതംപോലെ

4 അജഗണത്തെ നല്ലിടയനെപ്പോലെ
ദിനം പ്രതി നടത്തും സ്നേഹമപാരം
ഹരിതപുൽമാലിയിൽ വിശ്രമമേകും
സ്വച്ഛജലാശയം തന്നിൽ നീ നടത്തും-

5 മരണത്തിൻ താഴ്‌വര തന്നിൽ നടന്നാൽ
പ്രീതിയോടിടയൻ സാന്ത്വനമേകും
സഹവസിച്ചിടും നീ അനിശവും സ്നേഹ-
തൃക്കരം തന്നിൽ വഹിക്കും നല്ലിടയൻ

6 പരമസമ്പന്നൻ ദരിദ്രനായ് തീർന്നു
ദരിദ്രജനാവലി സമ്പന്നരാകാൻ
ധരിത്രിയിൽ പാപത്തിൽ മരിച്ചവർ ജീവൻ
ധരിച്ചു ക്രിസ്തേശുവിൻ ദാസരായ് ഭവിച്ചു- **K.J.S.**